"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇളമാട് ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതി പ്രകാരം ആർക്കന്നൂർ എയ്ഡഡ് ഹൈസ്കൂളിൽ വാട്ടർ പ്യൂരിഫയർ വാങ്ങി സ്ഥാപിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1055/2025/LSGD തീയതി,തിരുവനന്തപുരം, 26-04-2025

---

പരാമർശം:-
1. കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21/02/2025-ലെ കത്ത്.
2. ഇളമാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 31/12/2024-ലെ 2(5) നമ്പർ തീരുമാനം.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 27/03/2025-ലെ 4.36 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

ഇളമാട് ഗ്രാമപഞ്ചായത്തിലെ എല്ലാ എൽ.പി., യു.പി സ്കൂളുകളിലും 2024-25-ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് വാട്ടർപ്യൂരിഫൈയർ വാങ്ങി സ്ഥാപിച്ചു. എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലേക്കും വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനാണ് പദ്ധതി ഏറ്റെടുത്തതെങ്കിലും മാർഗ്ഗരേഖ പ്രകാരം എയ്ഡഡ് ഹൈസ്കൂളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിന് പഞ്ചായത്തിന് അനുമതിയില്ലാത്തതിനാൽ ആർക്കന്നൂർ എയ്ഡഡ് സ്കൂളിൽ വാട്ടർ പ്യൂരിഫൈയർ സ്ഥാപിക്കുന്നതിന് കഴിയാതെ വന്നിരിക്കുകയാണെന്നും, ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്നതും, സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിക്കുന്നതും, കലാ കായിക മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ച വക്കുന്നതുമായ പ്രസ്തുത സ്കൂളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി വിലയിരുത്തുകയും ആയതിന് പ്രത്യേകാനുമതി നല്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

സർക്കാർ ഈ വിഷയം പരാമർശം (3) പ്രകാരം ചേർന്ന കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ ഇതടക്കം മുമ്പ് സ്ഥാപിച്ചിരുന്ന വാട്ടർ

പ്യൂരിഫയർ പ്രവർത്തിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും PTAയും ഉറപ്പാക്കണമെന്ന നിബന്ധനയോടെ പ്രത്യേകാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നന്ദന എസ് പിള്ളൈ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ, കൊല്ലം ജില്ല.
സെക്രട്ടറി/പ്രസിഡന്റ്, ഇളമാട് ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (3125518)

ഉത്തരവിൻ പ്രകാരം,
Signed by
Viraj K
സെക്ഷൻ ഓഫീസർ
Date: 26-04-2025 14:15:23